LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ നടപടി

21 (*261) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളിൽ മണ്ണടിയുന്നതുമൂലം അവയുടെ പ്രവർത്തനത്തിന് എന്തെങ്കിലും ന്യൂനത അനുഭവപ്പെടുന്നുണ്ടോ ;

(ബി) ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (എം. വി. രാഘവൻ) :

(എ) ഉണ്ട്.

(ബി) ഈ കാലവർഷം കഴിഞ്ഞാലുടൻ അഴീക്കൽ തുറമുഖത്തെ അഴിമുഖവും ചാനലും റ്റി.എസ്.ബി. സിന്ദുരാജ് എന്ന് മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ച് മണ്ണു മാന്തൽ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നു. അതു കഴിഞ്ഞാലുടൻ ബേപ്പൂർ തുറമുഖ വാർഫും ചാനലും ഇതേ മണ്ണു മാന്തിക്കപ്പൽ ഉപയോഗിച്ചുതന്നെ മണ്ണു നീക്കം ചെയ്തു അവിടത്തെ ചരക്കു ഗതാഗതം സുഗമമാക്കാൻ ഉദ്ദേശിക്കുന്നു.

കൺസ്യൂമർഫെഡിന്റെ മദ്യ വിപണനം

22 (*262) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡ് മദ്യ വിപണനത്തിൽ ഏർപ്പെട്ടിട്ട് എത്രകാലമായി ;

(ബി) മദ്യ വിപണനം കൺസ്യൂമർഫെഡിന് ലാഭമാണോ നഷ്ടമാണോ വരുത്തിവെച്ചിട്ടുള്ളത് ; എങ്കിൽ എത്ര ;

(സി) മദ്യ വിപണനം കൺസ്യൂമർഫെഡിന് നഷ്ടം വരുത്തിയിട്ടുള്ള പക്ഷം അതിനുള്ള കാരണം എന്ത് എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) രണ്ടുവർഷം.

(ബി) നഷ്ടം, 16.1 കോടി രൂപ.

(സി)

1. ഭാരിച്ച കിസ്തു തുക ഈടാക്കുന്നത്.
2. ആവശ്യത്തിലധികം അബ്കാരി തൊഴിലാളികളെ വിദേശ മദ്യ വിൽപ്പന ശാലകളിൽ നിയമിക്കേണ്ടി വന്നത്.

3. ബിവറേജസ് കോർപ്പറേഷൻ പുതുതായി ചില്ലറ വില്പന ശാലകൾ, കൺസ്യൂമർഫെഡിന്റെ വിൽപനശാലകൾക്കടുത്തുതന്നെ തുടങ്ങിയത്.

4. കൺസ്യൂമർഫെഡിന് വിൽപ്പനയിൽ ഈടാക്കാവുന്ന 20 ശതമാനം അധിക വിലയിൽ (മാർജിൻ) 13.65 ശതമാനം കിസ്താായും, 6 ശതമാനം ടേൺ ഓവർ ടാക്സായും സർക്കാരിന് നൽകേണ്ടി വരുന്നതിനാൽ ബാക്കി സകല ചെലവുകൾക്കുമായി 0.5 ശതമാനത്തിൽ താഴെ മാത്രം ഫെഡറേഷന് ലഭിക്കുന്ന സാഹചര്യം നിലവിലുള്ളത്.

5. കൺസ്യൂമർ ഫെഡിന് വിദേശ മദ്യം നൽകുന്ന സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 45 ദിവസം മുതൽ 90 ദിവസം വരെ ഉല്പാദകർ കടം നൽകുമ്പോൾ, ബിവറേജസ് കോർപ്പറേഷനിൽ നിന്ന് കൺസ്യൂമർ ഫെഡറേഷൻ മുൻകൂർ വില നൽകി വിദേശ മദ്യം വാങ്ങേണ്ടി വരുന്നത്.

6. ചാരായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ കൺസ്യൂമർഫെഡിൽ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് നൽകുന്ന ശമ്പളത്തിന്റെ 15 ശതമാനം പ്രസ്തുത ക്ഷേമനിധി ബോർഡിന് ലെവിയായി നൽകേണ്ടി വരുന്നത്.

7. 2002 ജൂലായ് മുതൽ 2002 ഡിസംബർ വരെ കിസ്ത് തുക മുൻകൂർ അടയ്ക്കേണ്ടി വന്നതിനാൽ ഏകദേശം 8 കോടി രൂപ ആ ഇനത്തിൽ നേരത്തേ നൽകേണ്ടി വരികയും കടം വാങ്ങിയ തുക കൊണ്ട് നടത്തുന്ന വിദേശ മദ്യ ബിസിനസ്സിനെ ബാധിക്കുകയും ചെയ്തു.

8. ബിവറേജസ് കോർപ്പറേഷൻ വർദ്ധിപ്പിച്ച നിരക്കിൽ കൺസ്യൂമർ ഫെഡിലെ അബ്കാരി തൊഴിലാളികളുടെയും ശമ്പളം വർദ്ധിപ്പിക്കേണ്ടി വന്നു. തുടങ്ങിയവയാണ് കാരണങ്ങൾ.

വ്യവസായ സംരംഭങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ

23 (*263) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly